III.ഇ.ബി.XII-കേരള നിയമസഭ/I-7

## പന്ത്രണ്ടാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

# നിയമസഭാ നടപടികളുടെ ചുരുക്കം

## 2006 ജൂൺ 22, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*84, *99 & *107) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

**II. ശ്രദ്ധ ക്ഷണിക്കൽ**

(1) കാലവർഷക്കെടുതിമൂലം ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങളും ജീവഹാനിയും ഒഴിവാക്കുന്നതിലേക്കായി ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി വിദഗ്ദ്ധരുടെ സഹായം തേടേണ്ടതിന്റെ

ആവശ്യകതയിലേയ്ക്ക് ശ്രീ. തോമസ് ഉണ്ണിയാടൻ റവന്യൂ വകുപ്പു മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

(2) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവനയും കേന്ദ്ര സർക്കാരിൽ നിന്നുള്ള തുകയും വകമാറ്റി ചെലവഴിച്ചതുമൂലം ദുരിതബാധിതർക്ക് ആശ്വാസമെത്തിക്കാനും പുനരധിവാസ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടപ്പാക്കാനും കഴിയാതിരുന്ന പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. സി. കെ. സദാശിവൻ റവന്യൂ വകുപ്പു മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

## III. സബ്മിഷൻ

(1) തൃശ്ശൂരിലെ എസ്.ആർ.വി. മ്യൂസിക് സ്കൂൾ മ്യൂസിക് കോളേജായി ഉയർത്തേണ്ടതു സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ കയ്പ്പിനിയിലെ കള്ള്ഷാപ്പ് പൂട്ടുന്നത് സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(4) അങ്കമാലി–മൂവാറ്റുപുഴ–തൊടുപുഴ റോഡിന്റെ നിർമ്മാണത്തിലുള്ള അപാകതകൾമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ബാബുപോൾ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(5) കേരളത്തിലെ ഹീമോഫീലിയ രോഗികൾക്ക് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. എം. മുരളി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) ആറന്മുളയിലെ പുല്ലാട്ട് വടക്കേ ചട്ടകുളത്ത് രമാദേവിയെ കൊലചെയ്തവരെ അറസ്റ്റ് ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. കെ. സി. രാജഗോപാലൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) 21–6–2006–ന് കെ.എസ്.യു നടത്തിയ മാർച്ചിനോടനുബന്ധിച്ചുണ്ടായ അനിഷ്ട സംഭവങ്ങൾ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) തൃശ്ശൂർ ജില്ലയിലെ തീരപ്രദേശമായ കൈയ്പമംഗലത്ത് സ്ഥിരമായി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ടി. എൻ പ്രതാപൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) ഇലകമൺ പഞ്ചായത്തിലെ അയിരൂരിൽ മുഖംമൂടി സംഘം നടത്തിയ ആക്രമണം സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) പലകപ്പാണ്ടി പദ്ധതി പൂർത്തിയാക്കുന്നത് സംബന്ധിച്ച് ശ്രീ. വി. ചെന്താമരാക്ഷൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) കുന്നംകുളം താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(12) കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിലെ വാത്തുരുത്തിയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള

ഇന്ധന ടാങ്കുകൾ ജനങ്ങളുടെ സുരക്ഷിതത്വത്തിന് ഭീഷണി ഉയർത്തിയിരിക്കുന്നത് സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഉന്നയിച്ച സബ്മിഷന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ കീടനാശിനിയുടെ പ്രയോഗംമൂലം ദുരിതബാധിതരായവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞാമ്പു ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) പാർവ്വതി പുത്തനാറിന്റെയും സ്വീവേജ് ഫാമിന്റെയും ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻ പിള്ള ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

## IV നിയമനിർമ്മാണ കാര്യം

**2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പു വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ.**

2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം

നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പു വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

റവന്യൂ വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

സർവ്വശ്രീ. ആര്യാടൻ മുഹമ്മദ്, കെ.എം. മാണി, കെ.കുട്ടി അഹമ്മദ് കുട്ടി, എം മുരളി, കെ.സി ജോസഫ് എന്നീ അംഗങ്ങൾ ബില്ലിന്റെ അവതരണാനുമതിയെ എതിർത്ത് സംസാരിച്ചു.

2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പു വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-7-2006 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചു കൊണ്ട് ശ്രീ. വി. എസ്. സുനിൽകുമാറും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചു കൊണ്ട് ശ്രീ. വി. ജെ. തങ്കപ്പനും സംസാരിച്ചു.

സർവ്വശ്രീ ആർ. സെൽവരാജ്, കെ. കുട്ടി അഹമ്മദ് കുട്ടി, കെ. കെ. ജയചന്ദ്രൻ, എ. കെ. ശശീന്ദ്രൻ, സി. എഫ്. തോമസ്, പി. സി. ജോർജ്, അബ്ദുറഹിമാൻ രണ്ടത്താണി, വി. ഡി. സതീശൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൽഫോൺസ് കണ്ണന്താനം, കോവൂർ കുഞ്ഞുമോൻ, എം. പ്രകാശൻ മാസ്റ്റർ, പി. സി. വിഷ്ണുനാഥ്, ശ്രീമതി കെ.കെ. ലതിക, ശ്രീമതി ജെ. അരുന്ധതി എന്നീ അംഗങ്ങളും പ്രസ്തുത ബില്ലിനെക്കുറിച്ച് സംസാരിച്ചു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ചർച്ചയ്ക്ക് മറുപടി പറഞ്ഞു.

ഭേദഗതികൾ പിൻവലിക്കപ്പെട്ടു.

ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2006 ജൂൺ 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.12-ന് പിരിഞ്ഞു.